പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4229 | 03.02.2014 -ലെ മറുപടിക്ക്.

കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി ഓഫ് കേരള (ചിയാക്)

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി. സി. ജോർജ് :<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ :<br>ഡോ. എൻ. ജയരാജ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി ഓഫ് കേരള (ചിയാക്) എന്നാണ് നിലവിൽ വന്നത് ; ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) 04/07/2008-ൽ നിലവിൽ വന്നു. ആർ.എസ്.ബി.വൈ/ചിസ് എന്നീ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളുടെ നടത്തിപ്പാണ് ചിയാക്കിന്റെ ഉദ്ദേശലക്ഷ്യം. |
| (ബി) ചിയാകിന്റെ നിലവിലുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര വിഹിതം എപ്രകാരമാണ്; വിശദാംശങ്ങൾ നല്കുമോ; | (ബി) ഉണ്ട്. ചിയാക്കിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേർണിംഗ് ബോഡി, ഉന്നതാധികാര സമിതി, സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ എന്നിവ ചിയാക്കിന്റെ പ്രവർത്തനം വിലയിരുത്തുന്നു. ആർ.എസ്.ബി.വൈ പദ്ധതിയുടെ ഇൻഷ്വറൻസ് പ്രീമിയം തുകയുടെ 75 ശതമാനവും (പരമാവധി 750/- രൂപ വരെ മാത്രം) സ്മാർട്ട് കാർഡിന്റെ വിലയായ 60/- രൂപയും ചേർത്താണ് നിലവിൽ കേന്ദ്ര വിഹിതം അനുവദിക്കുന്നത്. ചിസ് പദ്ധതിയുടെ ഇൻഷ്വറൻസ് പ്രീമിയം തുക പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) തടസ്സങ്ങൾ നിലവിലുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ